ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

TIME: 12.30 PM DATE:15.10.2026

## പ്രധാനവാർത്തകൾ

1. നവരാത്രിയോടനുബന്ധിച്ച് കോഴിക്കോട് നടക്കുന്ന നവരാത്രി സർഗ്ഗോത്സവത്തിന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നാളെ തുടക്കം കുറിക്കും.
2. ഇടുക്കിയിൽ വന്യജീവി ആക്രമണം തടയാനുള്ള സംരക്ഷണ വേലി പൊളിച്ചു നീക്കിയ വിഷയത്തിൽ അടിയന്തര പ്രമേയത്തിന് അവതരണാനുമതി നിഷേധിച്ചതിൽ നിയമസഭയിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്.
3. സിഎംആർഎൽ എക്സാലോജിക് പണമിടപാട് കേസിൽ മുൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ളവരുടെ അപ്പീൽ ഹർജി ഹൈക്കോടതി തള്ളി.
4. സംസ്ഥാനത്ത് വോട്ടർപട്ടികയിൽ തിരുത്തലുകൾ വരുത്തുന്നതിനുള്ള പ്രത്യേക യജ്ഞം ഇന്ന് മുതൽ.
5. വയനാട്ടിലെ പരമ്പരാഗത കർഷകനും പത്മശ്രീ ജേതാവുമായ ചെറുവയൽ രാമന് വിട നൽകാൻ ജന്മനാട്. സംസ്കാരം അൽപസമയത്തിനകം.
6. കേരളത്തിൽ ശക്തമായ മഴയ്ക്കും ഇടിമിന്നലിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

RNU TVPM

## ഉപരാഷ്ട്രപതി - നവരാത്രി

നവരാത്രിയോടനുബന്ധിച്ച് കോഴിക്കോട് നടക്കുന്ന നവരാത്രി സർഗ്ഗോത്സവം, സാംസ്കാരിക സമ്മേളനം നാളെ ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ ഉദ്ഘാടനം ചെയ്യും. ചിത്രകലാ രംഗത്തെ സമഗ്ര സംഭാവനകൾ മുൻനിർത്തി സർഗ്ഗോത്സവസമിതി ഏർപ്പെടുത്തിയ പ്രഥമ സർഗ്ഗ കേസരി പുരസ്കാരം ആർടിസ്റ്റ് പി.ആർ. രാജേന്ദ്രന് ഉപരാഷ്ട്രപതി സമ്മാനിക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ, ചടങ്ങിൽ സംബന്ധിക്കും. ഉപരാഷ്ട്രപതിയുടെ സന്ദർശനത്തോടനുബന്ധിച്ച് നാളെ വൈകിട്ട് 4 മുതൽ കോഴിക്കോട് നഗരത്തിൽ ഗതാഗത നിയന്ത്രണം ഏർപ്പെടുത്തും. കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് നാളെ ഉച്ചയ്ക്കുശേഷം ജില്ലാ കളക്ടർ അവധി പ്രഖ്യാപിച്ചു. മുൻകൂട്ടി നിശ്ചയിച്ച പൊതുപരീക്ഷകൾക്കും സർവ്വകലാശാല പരീക്ഷകൾക്കും അവധി ബാധകമല്ല.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

RNU TVPM

## അടിയന്തിര പ്രമേയം

ഇടുക്കിയിൽ വന്യജീവി ആക്രമണം തടയാൻ ജനങ്ങൾ കെട്ടിയ സംരക്ഷണ വേലി വനംവകുപ്പ് പൊളിച്ചു നീക്കിയതായി ആരോപിച്ചുള്ള അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചതിൽ, നിയമസഭ യിൽ ഇന്നും പ്രതിപക്ഷ വാക്ക് ഔട്ട്. പന്തടിക്കളം, ശാന്തൻപാറ, ചിന്നക്കനാൽ എന്നിവിടങ്ങളിലെ വേലി പൊളിച്ചു മാറ്റിയതിൽ ജനങ്ങൾക്ക് ആശങ്കയുണ്ടെന്ന് അടിയന്തര പ്രമേയ നോട്ടീസ് നൽകിയ കെ യു ജനീഷ് കുമാർ വ്യക്തമാക്കി. വന്യ ജീവികളുടെ സ്വാഭാവിക സഞ്ചാരപാത സംബന്ധിച്ച റിപ്പോർട്ട് പരസ്യപ്പെടുത്തണമെന്ന് പ്രതിപക്ഷ നേതാവ് പിണറായി വിജയൻ പറഞ്ഞു. എന്നാൽ അനധികൃതമായി നിർമിച്ച സോളാർ വേലി നീക്കം ചെയ്യാൻ ഇടുക്കി ജില്ലാ കളക്ടർ ഉത്തരവിടുകയാ യിരുന്നുവെന്ന് വനംമന്ത്രി ഷിബു ബേബി ജോൺ അറിയിച്ചു. മന്ത്രിയുടെ മറുപടിയെ തുടർന്ന് സ്പീക്കർ അടിയന്തര പ്രമേയത്തിന് അനുമതി നിഷേധിക്കുകയായിരുന്നു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## പിഎം ശ്രീ - ഷംസുദ്ദീൻ(ഇൻട്രോ)

സംസ്ഥാന സർക്കാരിന് പി എം ശ്രീ പദ്ധതിയിൽ നിന്ന് വ്യവസ്ഥ പ്രകാരം ഏകപക്ഷീയമായി പിൻമാറാൻ സാധിക്കില്ലെന്ന് മന്ത്രി എൻ ഷംസുദ്ദീൻ. ഇതുമായി ബന്ധപ്പെട്ട് രൂപീകരിച്ച മന്ത്രിസഭാ ഉപ സമിതി റിപ്പോർട്ട് സമർപ്പിച്ച ശേഷം ഭാവി കാര്യങ്ങൾ തീരുമാനിക്കുമെന്നും അദ്ദേഹം നിയമസഭയിൽ ചോദ്യോത്തര വേളയിൽ അറിയിച്ചു.

പൊതു വിദ്യാലയങ്ങളിൽ നിലവിലുള്ള സിലബസ് അല്ലാതെ മറ്റൊരു പാഠ്യ പദ്ധതിയും പഠിപ്പിക്കാൻ കഴിയില്ല എന്നതാണ് സംസ്ഥാന സർക്കാരിൻറെ നിലപാടെന്നും മന്ത്രി വ്യക്തമാക്കി.
( വോയിസ്....)

❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊

## മന്ത്രി എ പി അനിൽകുമാർ

സംസ്ഥാനത്ത് നവംബർ ഒന്ന് മുതൽ ഡിജിറ്റൽ സർവേയുടെ രണ്ടാം ഘട്ടം ആരംഭിക്കുമെന്ന് മന്ത്രി എ.പി അനിൽകുമാർ. ഫണ്ട് തീർന്നതും നിരവധി പരാതികൾ ഉയർന്നതും കാരണം പദ്ധതി താത്കാലികമായി നിർത്തി വെക്കുകയായിരുന്നുവെന്ന് അദ്ദേഹം നിയമസഭയിൽ വ്യക്തമാക്കി. സർവേ പ്രവർത്തനങ്ങളുടെ നിലവിലുള്ള കുടിശിക തീർക്കുമെന്നും രണ്ടാം ഘട്ട ത്തിന് ആവശ്യമുള്ള ഫണ്ട് അനുവദിക്കുമെന്ന് മുഖ്യമന്ത്രി ഉറപ്പ് നൽകിയ തായും മന്ത്രി അറിയിച്ചു.

RNU TVPM

❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊

## സിഎംആർഎൽ കേസ്

സിഎംആർഎൽ എക്സാലോജിക് പണമിടപാട് കേസിൽ മുൻ മുഖ്യമന്ത്രി പിണറായി വിജയൻ ഉൾപ്പെടെയുള്ളവരുടെ അപ്പീൽ ഹർജി ഹൈക്കോടതി തള്ളി. കേസിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യണമെന്ന സിംഗിൾ ബെഞ്ച് ഉത്തരവിനെതിരെ നൽകിയ ഉപഹർജികളാണ് കോടതി തള്ളിയത്. സിംഗിൾ ബെഞ്ച് ഉത്തരവ് ഹർജിക്കാരൻ്റെ അവകാശങ്ങളെ ഹനിക്കു ന്നില്ലെന്ന് കോടതി ചൂണ്ടിക്കാട്ടി.

❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊❊

## വി മുരളിധരൻ

മുൻമുഖ്യമന്ത്രി പിണറായി വിജയനെതിരെയുള്ള CMRL എക്സാലോജിക് പണമിടപാട് കേസിൽ മുഖ്യമന്ത്രിയും ആഭ്യന്തരമന്ത്രിയും നിലപാട് വ്യക്തമാക്കണമെന്ന് ബിജെപി എംഎൽഎ വി മുരളിധരൻ. കേസ് സംബന്ധിച്ച് വ്യക്തമായ തെളിവുകളും സൂചനകളും ED, ഡിജിപിക്ക് കൈമാറിയ കത്തിൽ ഉണ്ടായിരുന്നതായും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## വോട്ടർ പട്ടിക

വോട്ടർപട്ടികയിൽ പേര് ചേർക്കുന്നതിനും ഒഴിവാക്കുന്നതിനും തിരുത്തലുകൾ വരുത്തുന്നതിനുമായി സംസ്ഥാനത്ത് ഇന്ന് മുതൽ ഈ മാസം 31 വരെ പ്രത്യേക യജ്ഞം നടത്തും. വില്ലേജ് ഓഫീസുകൾ കേന്ദ്രീകരിച്ച് അപേക്ഷാ ഫോമുകളും ഡിജിറ്റൽ ഹെൽപ് ഡെസ്കുകളും സജ്ജീകരിക്കും.

RNU TVPM

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## പത്മശ്രീ ചെറുവയൽ രാമൻ

വയനാട്ടിലെ പരമ്പരാഗത കർഷകനും പത്മശ്രീ ജേതാവുമായ ചെറുവയൽ രാമൻറെ സംസ്കാരം അൽപസമയത്തിനകം നടക്കും. വയനാട് കമ്മന നവോദയ എൽ.പി സ്കൂളിൽ നടക്കുന്ന പൊതുദർശനത്തിൽ നിരവധി പേർ ആദരാഞ്ജലി അർപ്പിച്ചു. അന്യംനിന്ന് പോകുമായിരുന്ന അമ്പതിലധികം നാടൻ നെൽവിത്തിനങ്ങളെ സ്വന്തം കൃഷിയിടത്തിൽ സംരക്ഷിച്ചു പോന്നിരുന്ന അദ്ദേഹത്തെ കേരളത്തിൻറെ 'ജീവിക്കുന്ന നെൽവിത്ത് ബാങ്ക്' എന്നാണ് വിശേഷിപ്പിച്ചിരുന്നത്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## തച്ചങ്കരി കേസ്

അനധികൃത സ്വത്ത് സമ്പാദന കേസിൽ മുൻ ഡിജിപി ടോമിൻ ജെ തച്ചങ്കരിയുടെ ശിക്ഷ മരവിപ്പിച്ച് ഹൈക്കോടതി. കോട്ടയം വിജിലൻസ് കോടതിയാണ് ശിക്ഷ വിധിച്ചത്. ശിക്ഷാവിധി സ്റ്റേ ചെയ്യണമെന്നാവശ്യപ്പെട്ട്

തച്ചങ്കരി നൽകിയ ഹർജിയിലാണ് വിധി. കഴിഞ്ഞ മാസം 18 മുതൽ ജയിലിലായിരുന്ന അദ്ദേഹം ജയിൽ മോചിതനാകും.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## നെടുമ്പാശ്ശേരി വാഹനാപകടം

നെടുമ്പാശ്ശേരിയിൽ മൂന്ന് പേരുടെ മരണത്തിനിടയാക്കിയ വാഹനാപകടത്തിലെ പ്രതി സുഹൈൽ സജീവിനെ തെളിവെടുപ്പിനായി സംഭവ സ്ഥലത്ത് എത്തിച്ചു. അപകടം നടന്ന സ്ഥലത്തും മദ്യപിച്ച ഇടത്തുമാണ് തെളിവെടുപ്പ് പുരോഗമിക്കുന്നത്. ഇന്ന് വൈകിട്ട് വരെയാണ് സുഹൈലിന്റെ കസ്റ്റഡി കാലാവധി. കേസിൽ നിലവിൽ നാല് പേരാണ് പിടിയിലായത്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

RNU TVPM

## സേവാ സങ്കൽപ്

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണനേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കിയതിൻറെ ഭാഗമായി രാജ്യമെമ്പാടും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. ഏക് ഭാരത് ശ്രേഷ്ഠ ഭാരത് സംരംഭത്തെ കുറിച്ചാണ്, ‘ജനസേവനമാണ് ദേശസേവനം’ എന്ന ആകാശവാണി പ്രത്യേക പരമ്പരയിൽ ഇന്ന്. സർദാർ വല്ലഭായ് പട്ടേലിൻറെ ജന്മവാർഷികത്തോടനുബന്ധിച്ച് 2015 ഒക്ടോബർ 31-നാണ് പദ്ധതി ആരംഭിച്ചത്. ഇന്ത്യയുടെ വൈവിധ്യത്തെ ഏറ്റവും മികച്ച രീതിയിൽ മനസ്സിലാക്കാനുള്ള അവസരമാണിതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി വ്യക്തമാക്കിയിരുന്നു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## മഴ - കേരളം

കേരളത്തിൽ ശക്തമായ മഴയ്ക്കും ഇടിമിന്നലിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രതയാണ്. എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത നിർദേശവും നൽകിയിട്ടുണ്ട്. തുലാവർഷം തെക്കേ ഇന്ത്യയിൽ ഇന്ന് എത്താൻ സാധ്യതയുണ്ടെന്നും കേന്ദ്ര കാലാവസ്ഥ വകുപ്പ് അറിയിച്ചു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ദേവിക - ജപ്പാൻ അപകടം

ജപ്പാനിൽ ട്രെയിൻ തട്ടി മരിച്ച കണ്ണൂർ ഇരിട്ടി പടിയൂർ സ്വദേശി വി. ദേവികയുടെ ചിതാഭസ്മം തിരുവനന്തപുരത്തെത്തിച്ചു. നോർക്ക റൂട്ട്സ് അധികൃതർ ഏറ്റുവാങ്ങിയ ചിതാഭസ്മം ട്രെയിൻ മാർഗ്ഗം നാളെ രാവിലെ ജന്മനാട്ടിലെത്തിക്കും. മൃതശരീരം നാട്ടിലെത്തിക്കാൻ കഴിയാത്ത സാഹചര്യത്തിൽ കുടുംബത്തിൻറെ അനുമതിയോടെ ജപ്പാനിലാണ് സംസ്കരിച്ചത്. കഴിഞ്ഞ മാസമാണ് ദേവികയെ ജപ്പാനിൽ ട്രെയിൻ തട്ടി മരിച്ച നിലയിൽ കണ്ടെത്തിയത്.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## കാസർഗോഡ് (ഇൻട്രോ)

എൻഡോസൾഫാൻ ദുരിത ബാധിതർക്കും ഭിന്നശേഷിക്കാർക്കും സമഗ്ര പുനരധിവാസവും സാന്ത്വന പരിചരണവും ഉറപ്പാക്കി കാസർഗോഡ് ജില്ലയിലെ മൂളിയാറിൽ പ്രവർത്തിക്കുന്ന സഹജീവനം സ്നേഹഗ്രാമം ശ്രദ്ധേയമാകുന്നു.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാ പ്രതിനിധി പി.ജഗന്നിവാസൻ**

(വോയ്സ്)

RNU TVPM

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ക്രിക്കറ്റ്

ഇന്ത്യ-വെസ്റ്റ് ഇൻഡീസ് പുരുഷ ട്വൻറി - 20 ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരം ശനിയാഴ്ച ബെംഗളൂരുവിൽ നടക്കും. അഞ്ച് മത്സരങ്ങളടങ്ങിയ പരമ്പരയിൽ രണ്ട് മത്സരങ്ങൾ വീതം വിജയിച്ച് ഇരു ടീമുകളും ഒപ്പത്തിനൊപ്പമാണ്. ഇന്നലെ ഹൈദരാബാദിൽ നടന്ന മത്സരത്തിൽ ഇന്ത്യയെ 24 റൺസിന് വെസ്റ്റ് ഇൻഡീസ് പരാജയപ്പെടുത്തി.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## നവരാത്രി ആഘോഷങ്ങൾ

രാജ്യത്തുടനീളം നവരാത്രി ആഘോഷങ്ങൾ പുരോഗമിക്കുന്നു. നവരാത്രി യുടെ അഞ്ചാം ദിവസമായ ഇന്ന്, പ്രധാനമന്ത്രി നരേന്ദ്ര മോദി 'മാ സ്കന്ദ മാത'യ്ക്ക് പ്രാർത്ഥനകൾ അർപ്പിച്ചു. സംസ്ഥാനത്തെ ക്ഷേത്രങ്ങളിലും നവരാത്രിയോടനുബന്ധിച്ച് വൻ ഭക്തജനത്തിരക്കാണ് അനുഭവപ്പെ ടുന്നത്. ദുർഗാഷ്ടമി ഈ മാസം 19-നും 20-ന് മഹാനവമിയുമാണ്. 21-നാണ് പൂജയെടുപ്പും വിദ്യാരംഭവും നടക്കുക.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## എ പി ജെ അബ്ദുൾ കലാം

മുൻ രാഷ്ട്രപതി എ പി ജെ അബ്ദുൾ കലാമിൻറെ ജന്മവാർഷിക ദിനം ഇന്ന്. 1931 ഒക്ടോബർ 15, തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ച അദ്ദേഹം ശാസ്ത്ര സാങ്കേതിക വിദ്യയുടെ വളർച്ചക്കും, യുവജനങ്ങളുടെ സമഗ്ര വികാസത്തിനും വിലമതിക്കാനാവാത്ത സംഭാവനകളാണ് നൽകിയത്.

ഇന്ത്യയുടെ മിസൈൽ മാൻ എന്നറിയപ്പെടുന്ന കലാം ISRO, DRDO എന്നിവിടങ്ങളിൽ ഉന്നതസ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. വിദ്യാർത്ഥികളെ സ്വപ്നം കാണാൻ പഠിപ്പിച്ച ശാസ്ത്രജ്ഞൻ, മികച്ച അധ്യാപകൻ, ഗവേഷകൻ, എഴുത്തുകാരൻ എന്നിങ്ങനെ നിരവധി വിശേഷണങ്ങളാണ് അബ്ദുൾ കലാമിനുള്ളത്.

RNU TVPM

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## ഓഹരി-സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ വൻ മുന്നേറ്റം. സെൻസെക്സ് 1,236 പോയിൻറ് ഉയർന്നു 74,004 ലും, നിഫ്റ്റി 353 പോയിൻറ് നേട്ടത്തിൽ 22,975 ലും വ്യാപാരം തുടരുന്നു.
സ്വർണ വില കുറഞ്ഞു. പവന് 600 രൂപ താഴ്ന്നു, ഒരു ലക്ഷത്തി 8,120 രൂപയും,ഗ്രാമിന് 13,515 രൂപയുമാണ് ഇന്നത്തെ വില.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄

## മന്ത്രി അബ്ദുൾ ഗഫൂർ

കടലിൽ കാണാതായവർക്ക് മരണ സർട്ടിഫിക്കറ്റ് നൽകാനുള്ള ഏഴു വർഷത്തെ കാലപരിധി കുറയ്ക്കാൻ കേന്ദ്രത്തോട് നിയമഭേദഗതി ആവശ്യപ്പെട്ട് കേരളം. കപ്പൽ അപകടങ്ങളിൽപ്പെട്ട മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കാൻ അടിയന്തര ഇടപെടൽ നടത്തുമെന്നും ഫിഷറീസ് മന്ത്രി വി.ഇ അബ്ദുൾ ഗഫൂർ അറിയിച്ചു.

❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄❄
❄❄❄❄❄❄❄❄❄❄❄❄❄❄❄❄
❄❄❄❄❄❄❄❄❄❄❄❄❄❄
❄❄❄❄❄❄❄

RNU TVPM